**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 260** **11-03-2025 - ൽ മറുപടിയ്ക്ക്**

**സാറ്റലൈറ്റ് സർവേ പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാറ്റലൈറ്റ് സർവേ പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | നാവിഗേഷൻ സാറ്റലൈറ്റ് സിഗ്നലിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന Real Time Kinematic (RTK) മെഷീനുകൾ ഉപയോഗിച്ച് ലോകത്തിലെ തന്നെ നിലവിൽ ലഭ്യമായിട്ടുള്ളതിൽ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകളും, അത്യാധുനികമായ സർവെ ഉപകരണങ്ങളായ Real Time Kinematic Rover (RTK- Rover), Robotic Total Station (RETS), Tablet PC എന്നിവ ഉപയോഗിപ്പ് ഭൂമിയിലെ ഓരോ അതിർത്തികളും വളരെ കൃത്യതയോടെ ഡിജിറ്റൽ സർവെയിൽ നിർണ്ണയിക്കപ്പെടുന്നു. സർവെ പ്രവർത്തനങ്ങളുടെ കൃത്യതയ്ക്കായി സംസ്ഥാനത്ത് 28 COR സ്റ്റേഷനുകളും ഇതിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി ഒരു കൺട്രോൾ സെന്ററും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സർവെ പ്രവർത്തനങ്ങൾക്കായി "എന്റെ ഭൂമി" എന്ന പേരിൽ സമഗ്രമായ ഒരു പോർട്ടലും സജ്ജീകരിച്ചിട്ടുണ്ട്. സർവെ പൂർത്തിയാകുന്ന മുറയ്ക്ക് സർവെ സംബന്ധിച്ച വിവരം പോർട്ടൽ മുഖേന ഭൂവടമസ്ഥർക്ക് ലഭ്യമാകുന്നതും, റിക്കാർഡുകൾ പരിശോധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ ആയത് പോർട്ടൽ മുഖേന ഉന്നയിക്കുന്നതിനും സാധിക്കുന്നതാണ്.റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കുന്ന എന്റെ ഭൂമി സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനം ഇന്ത്യയിലെ തന്നെ ആദ്യത്തെ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണ്. സംസ്ഥാനത്തെ ഭൂരേഖാ വിവരങ്ങൾ ഇനി ആർക്കും ഒറ്റ ക്ലിക്കിലൂടെ ലഭ്യമാകും. ഭൂമിയുടെ കൈമാറ്റം, ഭൂമി രജിസ്റ്റർ ചെയ്യുന്നതിനുള്ള ടെംപ്ലേറ്റ് സംവിധാനം, പ്രീമ്യൂട്ടേഷൻ സ്കെച്ച്, സർട്ടിഫിക്കറ്റ്, ഭൂനികുതി അടവ്, ന്യായവില നിർണ്ണയം, ഓട്ടോമ്യൂട്ടേഷൻ, ലൊക്കേഷൻ സ്കെച്ച്, ഭൂമിയുടെ തരം മാറ്റം തുടങ്ങിയ ഒട്ടേറെ സേവനങ്ങൾ ഇനി പോർട്ടലിലൂടെ ലഭ്യമാകും. ഇന്ത്യയിലെ വിവിധ |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങൾക്ക് തന്നെ മാതൃകയാകുന്ന ഡിജിറ്റൽ റീസർവെ പദ്ധതി നടപ്പിലാക്കുന്നതിനായി ഇതിനകം തമിഴ് നാട്, ആന്ധ്രപ്രദേശ്, ആസം എന്നീ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശമായ പുതുച്ചേരിയും സംസ്ഥാനത്തെത്തി പഠനങ്ങൾ നടത്തിയിരുന്നു. രാജ്യത്തിനും ലോകത്തിനും തന്നെ മാതൃകയായ ഡിജിറ്റൽ സർവെ പദ്ധതി അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പരിചയപ്പെടുത്തുന്നതിനായി "നാഷണൽ കോൺക്ലേവ് ഓൺ ഡിജിറ്റൽ സർവെ & ഇന്റഗ്രേറ്റഡ് പോർട്ടൽ" തിരുവനന്തപുരത്ത് വച്ച് ഈ വർഷം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. |
| (ബി) | സാറ്റലൈറ്റ് സർവേയിലെ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സാറ്റലൈറ്റ് സർവെ (ഡിജിറ്റൽ സർവെ )പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും എറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായും, പൊതു ജന പങ്കാളിത്തം ഉറപ്പാക്കിയുമാണ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. ഡിജിറ്റൽ സർവെ ആരംഭിച്ചിട്ടുള്ള വില്ലേജുകളിൽ സർവെ സഭ, സർവെ ജാഗ്രതാ സമിതി എന്നിവയിലൂടെ കൃത്യമായ ബോധവൽക്കരണം ഭൂവുടമസ്ഥർക്ക് നൽകിയും, സർവെ സമയത്ത് ഭൂവുടമസ്ഥരുടെ സാന്നിധ്യത്തിന്റെ ആവശ്യം വിശദീകരിച്ച് നൽകിയുമാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇപ്രകാരം സർവ്വേ നടത്തുന്ന അവസരത്തിൽ തന്നെ ഭൂഉടമയെ സർവെ ചെയ്യു റെക്കോർഡുകൾ കാണിച്ചു ബോധ്യപ്പെടുത്തുകയും, കൂടാതെ, വിപുലമായ പ്രചാരണം നൽകി പ്രീ 9(2) ക്യാമ്പുകൾ സംഘടിപ്പിച്ച് റിക്കാർഡുകൾ എല്ലാ ഭൂവുടമസ്ഥരെ കൊണ്ടും പരിശോധിപ്പിക്കുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നുണ്ട്. സർവെ പൂർത്തിയാകുന്ന മുറയ്ക്ക് സർവെ സംബന്ധിച്ച വിവരം പോർട്ടൽ മുഖേന ഭൂവുടമസ്ഥർക്ക് ലഭ്യമാകുന്നതുമാണ്. ടി നടപടികളിലൂടെ ഡിജിറ്റൽ സർവെയിൽ ഭൂപരാതികൾ ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ